**ഞാൻ കർത്താവിൽ അഭയം തേടുന്നു**

*പക്ഷിയെപ്പോലെ പർവതങ്ങളിൽപോയി ഒളിക്കുക*
**എന്ന് നിങ്ങൾക്കെന്നോട് എങ്ങനെ പറയാൻ കഴിയും?**

*(സങ്കീ 11:1)*

## വിചിന്തനം, ഫെബ്രുവരി 2021

അത്യുത്സാഹവും ഊർജസ്വലതയും ആനന്ദനിറവുമുള്ള ജനതയായിത്തീരാനാണല്ലോ നമ്മുടെ വിളി. ജീസസ് യൂത്ത് യാത്രയുടെ ആദ്യ ആഴ്ചകളിലും മാസങ്ങളിലുംതന്നെ പുതുമയാർന്ന പ്രവർത്തനങ്ങൾ, വ്യത്യസ്ത മിനിസ്ട്രികൾ, പ്രത്യേക ദൗത്യങ്ങൾ എന്നിവയ്ക്കു പുറമേ നേതൃത്വത്തിലേക്കുപോലും നമ്മിൽ പലരും ആനയിക്കപ്പെട്ടിരുന്നു. സ്വാഭാവികമായിത്തന്നെ ഉരുത്തിരിഞ്ഞ ആ പ്രവണത വളരെ ഗുണപരമായിരുന്നു. കാരണം, യേശുവിനെ കണ്ടുമുട്ടുകയും അവനുവേണ്ടി ജീവിക്കാൻ ഉത്സുകരായിരിക്കുകയും ചെയ്യുന്ന വ്യക്തികളിൽ ആന്തരിക ഓജസ്സിന്റെ നീരുറവകളുടെ ഒഴുക്കുണ്ടാകുന്നതു സ്വാഭാവികമാണ്. എങ്കിലുമത് അനുസ്യൂതം പ്രവഹിക്കണമെന്നില്ല. അഭിപ്രായവ്യത്യാസങ്ങളുടെയും, പരാജയങ്ങളുടെയും ഫലമായി ക്രമേണ ഉണ്ടാകുന്ന മോഹഭംഗങ്ങളും, നൈരാശ്യവും ഒരു പക്ഷേ ദോഷം മാത്രം കാണുന്ന സ്വഭാവത്തിലേക്കോ, അല്ലെങ്കിൽ അമിതമായ ശുഭാപ്തിവിശ്വാസം ഉളവാക്കുന്ന ആത്മവഞ്ചനയിലേക്കോ നമ്മെ നയിച്ചേക്കാം. പറന്നകലുന്ന പക്ഷിയെപ്പോലെ എല്ലാറ്റിൽനിന്നും പിൻവാങ്ങി നിഷ്ക്രിയനാകുകയോ, ലോകവും സഭയും സമൂഹവുമെല്ലാം തെറ്റായ വിധത്തിൽ നീങ്ങുമ്പോൾ ആർക്കെന്തു ചെയ്യാനാവുമെന്ന നിഷേധാത്മകചിന്തയിൽ സ്വയം കുടുങ്ങിപ്പോവുകയോ ആയിരിക്കും ഇതിന്റെ പരിണിതഫലം.

നിരാശപ്പെടുന്ന ആത്മാവ് ചിന്തിക്കുന്നു: "അടിത്തറ തകർന്നാൽ നീതിമാൻ എന്തുചെയ്യും?" (സങ്കീ. 11, 3). 'തനിക്കു ചെയ്യാവുന്നതു ചെയ്തു, പരമാവധി ശ്രമിച്ചു' എന്നു സ്വയം ബോധ്യപ്പെടുത്താനുള്ള ശ്രമമാണ് അടുത്തത്. തുടർന്ന്, ചുറ്റുമുള്ള എല്ലാ അനീതികളെയും, കാട്ടിക്കൂട്ടലുകളെയും, കപടനാട്യങ്ങളെയും കുറ്റപ്പെടുത്തി എല്ലാറ്റിലുംനിന്നും അകലം പാലിച്ച്, സ്വയം ന്യായീകരിച്ച് സുരക്ഷിതമായി ജീവിക്കാൻ ശ്രമിക്കുന്നു. വിമർശനത്തിന്റെ വ്യാജസംരക്ഷണ കവചമൊരുക്കി അതിലൊളിക്കുന്നു. അതേ സമയം മറ്റു ചിലർ യഥാർഥ്യബോധമില്ലാതെ ശുഭാപ്തിവിശ്വാസികളായി സ്വപ്നങ്ങളുടെയും ഭാവനയുടെയും ലോകത്തിൽ വിഹരിച്ചു തുടങ്ങുന്നു. യഥാർഥ ജീവിതത്തിന്റെ വിഷമസന്ധികളെയോ, വിശ്വസ്തതയിലും പ്രതിബദ്ധതയിലും അനുദിനം ജീവിക്കുന്നതിന്റെ സംഘർഷങ്ങളെയോ അഭിമുഖീകരിക്കാൻ ഇവർ

ഭയപ്പെടുന്നു. ഈ രണ്ടു തരം മനോഭാവക്കാരും രക്ഷപ്പെടലിന്റെ ലോകത്തിൽ ജീവിക്കാനാണ് ശ്രമിക്കുന്നത്.

പിശാചിന്റെ എല്ലാ കുടിലതന്ത്രങ്ങളിലുംവച്ച് (എഫേ. 6:11) ഏറെ അപകടകരമായത് നിശബ്ദവും, സാവധാനത്തിൽ പ്രവർത്തിക്കുന്ന വിഷമരുന്നുമായ 'നിരുത്സാഹപ്പെടുത്തൽ' ആണ്. കാരണം, ഈ മനോഭാവം തന്റെ വിശ്വാസം പരമാവധി അകളങ്കമായി കാത്തുസൂക്ഷിക്കുന്നുവെന്നു ധരിച്ചുകൊണ്ടു ചിലപ്പോഴെങ്കിലും ധീരമായി പ്രഘോഷിക്കുവാൻ സാധിക്കുമെന്ന മിഥ്യാബോധത്തിൽ ഒരുവനെ അകപ്പെടുത്തുകയും, സ്വയമറിയാതെ ജീവിതത്തിന്റെ പൊതു ഇടങ്ങളിൽനിന്നും പിൻവാങ്ങി പ്രാദേശിക സമൂഹത്തിലും തനിക്കു ചുറ്റുമുള്ള ലോകത്തിലും എന്തെങ്കിലും മാറ്റം സൃഷ്ടിക്കാനുള്ള ധൈര്യവും ഉത്സാഹവും നഷ്ടപ്പെട്ടവനായി പരിണമിപ്പിക്കുകയും ചെയ്യുന്നു.

ഒളിച്ചോടാനുള്ളതല്ല, തന്നോടുതന്നെ സംവദിക്കാനുള്ള സമയമാണിത്. പ്രാദേശിക കൂട്ടായ്മകളിലും സമൂഹത്തിലും തന്റെ പങ്കാളിത്തം എന്താണ്? എപ്രകാരമാണ് ചുറ്റിലും നടക്കുന്ന ശുശ്രൂഷകളിലും സംരംഭങ്ങളിലും ക്രിസ്തീയ കൂട്ടായ്മകളിലും താൻ വ്യാപൃതനായിരിക്കുന്നത്? തന്റെ അയൽക്കാർ, പ്രാദേശിക ഭരണസംവിധാനങ്ങൾ, സാമൂഹ്യ സഹകരണ മേഖലകൾ, എന്നിവയുമായുള്ള ബന്ധം എത്രമാത്രം ശക്തമാണ്? അതു ബലപ്പെടുത്താൻ എന്തൊക്കെ മാർഗങ്ങളുണ്ട്? ഇത്തരം ആത്മപരിശോധന അത്യാവശ്യമാണ്.

പക്ഷേ, ''അടിത്തറ തകർന്നാൽ നീതിമാൻ എന്തുചെയ്യും?'' (സങ്കീ. 11,3) എന്നൊരു ചോദ്യം ഇപ്പോഴും ബാക്കി നിൽക്കുന്നുണ്ട്. ഉത്തരം ലളിതമാണ്. നീതിമാനു ചെയ്യാനേറെയുണ്ട്. നിർബന്ധമായും ചെയ്യുകതന്നെ വേണം. ഏതെങ്കിലും കാര്യങ്ങൾ മനഃസാക്ഷിയെ അസ്വസ്ഥമാക്കുകയും, ആനുകാലിക സംഭവങ്ങളാൽ ആത്മാവിൽ ധാർമികരോഷം തിളച്ചുമറിയുകയും ചെയ്യുമ്പോൾ – ഓടിരക്ഷപെടാനാണ് മനസ്സിന്റെ പ്രേരണ. ഈ പ്രേരണയെ വർധിച്ച സ്നേഹത്തോടും ധൈര്യത്തോടുംകൂടി അതിജീവിക്കേണ്ട സമയമാണിത്. വാചാലമായ വ്യാഖ്യാനങ്ങൾക്കോ, അയഥാർഥ സ്വപ്നങ്ങൾക്കോ പിന്നിലൊളിക്കുന്നത് മനഃസാക്ഷിയുടെ ആന്തരിക ചോദ്യങ്ങൾക്ക് ഉത്തരമാകുകയില്ല, അവയെ അടിച്ചമർത്തുകയേ ചെയ്യുകയുള്ളൂ. പരിശുദ്ധാത്മശക്തിയുടെ തീവ്രതയും വ്യാപ്തിയും ജീസസ് യൂത്തിന്റെ ആവേശത്തിലേക്കും ആനന്ദത്തിലേക്കും നിവേശിക്കുമ്പോഴാണ് നിഷ്കളങ്കതയുടെയും നിരുത്സാഹത്തിന്റെയും ഒളിച്ചോട്ടങ്ങളെ മറികടക്കാൻ കഴിയുന്നത്. പരിശുദ്ധാത്മാവേ, വരിക! നിന്റെ വിശ്വസ്തരുടെ ഹൃദയങ്ങളിൽ നിറയുകയും അവയെ നിന്റെ സ്നേഹാഗ്നിയാൽ ജ്വലിപ്പിക്കുകയും ചെയ്യുക.